# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.01.2026**

### പ്രധാനവാർത്തകൾ

1. വൈവിധ്യത്തെ ജനാധിപത്യത്തിന്റെ ശക്തിയാക്കി പരിവർത്തനം ചെയ്ത രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. രാഷ്ട്രം ഇന്ന് 78-ാം കരസേനാ ദിനമാചരിക്കുന്നു; സൈനികർക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.

3. സംസ്ഥാന സ്കൂൾ കലോത്സവം തൃശ്ശൂരിൽ പുരോഗമിക്കുന്നു; 25 വേദികളിലായി മാറ്റുരയ്ക്കുന്നത് 15,000-ലേറെ പ്രതിഭകൾ.

4. 46-ാം സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് മന്ത്രി വി എൻ വാസവൻ ഇന്ന് തുടക്കം കുറിക്കും; ലക്ഷ്യം 9,000 കോടി രൂപയുടെ നിക്ഷേപം.

5. പൊങ്കൽ ആഘോഷ നിറവിൽ കേരളത്തിന്റെ അതിർത്തി ഗ്രാമങ്ങൾ; നാളെ മാട്ടുപൊങ്കൽ.

6. വനിതാ പ്രീമിയർ ലീഗിൽ മുംബൈ ഇന്ത്യൻസ് ഇന്ന് യുപി വാരിയേഴ്സിനെ നേരിടും.

PNU TVPM

## സമ്മേളനം - പിഎം (ഇൻട്രോ)

വൈവിധ്യത്തെ ജനാധിപത്യത്തിന്റെ ശക്തിയാക്കി പരിവർത്തനം ചെയ്ത രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ ജനാധിപത്യത്തിൽ വനിതകൾക്ക് അതുല്യമായ പങ്കാളിത്തമാണുള്ളതെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി

(പി.എം. ബൈറ്റ്)

RNU TVPM

ലോക്സഭാ സ്പീക്കർ ഓം ബിർള സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. 42 കോമൺവെൽത്ത് രാജ്യങ്ങളിലെയും നാല് അർദ്ധ സ്വയംഭരണ പാർലമെന്റുകളിലെയും 61 സ്പീക്കർമാരും പ്രിസൈഡിംഗ് ഓഫീസർമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നു.

*************************

## കരസേന ദിനം (ഇൻട്രോ)

'നെറ്റ്‌വർക്കിങ്ങും ഡേറ്റാ സെൻട്രിസിറ്റിയും' എന്ന പ്രമേയത്തിലൂന്നി രാജ്യം ഇന്ന് 78-ാം കരസേനാ ദിനം ആഘോഷിക്കുന്നു. കരസേനാ ദിനത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും സൈനികർക്കു ആശംസകൾ നേർന്നു. ദിനാചരണത്തെക്കുറിച്ച് കരസേന മുൻ ഉപമേധാവി ലെഫ്റ്റനന്റ് ജനറൽ ശരത് ചന്ദ് ആകാശവാണി വാർത്തകളോട്...

(ഹോൾഡ് വോയിസ്)

*************************

## കേരള നിയമസഭ

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനം ഈ മാസം 20 ന് ആരംഭിക്കും. 29നാണ് ബജറ്റ് അവതരണം. മാർച്ച് 26 വരെ 32 ദിവസമാണ് സഭ സമ്മേളിക്കുക. ഫെബ്രുവരി 6 മുതൽ 22 വരെയുള്ള കാലയളവിൽ സഭ ചേരുന്നതല്ല.

*************************

## കയറ്റുമതി സൂചിക

കയറ്റുമതിക്കായി സംസ്ഥാനങ്ങൾ എത്രത്തോളം സജ്ജമെന്നത് അടിസ്ഥാനമാക്കി നീതി ആയോഗ് പുറത്തിറക്കിയ കയറ്റുമതി സന്നദ്ധതാ സൂചികയിൽ നില മെച്ചപ്പെടുത്തി കേരളം. പട്ടികയിൽ പതിനൊന്നാമതാണ് കേരളം. വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ തമിഴ്നാടിനെ പിന്തള്ളി മഹാരാഷ്ട്ര ഒന്നാമതെത്തി.

RNU TVPM

*************************

## കേരള കുംഭമേള

ജനുവരി 18ന് തിരുനാവായയിൽ ആരംഭിക്കാനിരുന്ന കേരള കുംഭമേളയുമായി ബന്ധപ്പെട്ട് ഭാരതപ്പുഴയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തികൾ തടഞ്ഞ് സംസ്ഥാന സർക്കാർ. 'ദക്ഷിണേന്ത്യയുടെ കുംഭമേള' എന്നപേരിൽ ജുന അഘാഡ സംഘടിപ്പിക്കുന്ന തിരുനാവായ "മഹാമാഘ മഹോത്സവ' ത്തിനാണ് റവന്യൂ വകുപ്പ് അനുമതി

നിഷേധിച്ചത്. ഫെബ്രുവരി 3 വരെ നടക്കുന്ന കുംഭമേളയിൽ 1ലക്ഷത്തോളം പേർ പങ്കെടുക്കുമെന്നാണ് കരുതുന്നത്. വിലക്ക് ഏർപ്പെടുത്തിയ സർക്കാർ നടപടിക്കെതിരെ കോടതിയെ സമീപിക്കാനാണ് സംഘാടക്കാരുടെ തീരുമാനം

*************************

പാലക്കാട് - പൊങ്കൽ (ഇൻട്രോ)

തമിഴ്നാടിനോട് ചേർന്നുള്ള പാലക്കാട് ജില്ലയുടെ അതിർത്തി ഗ്രാമങ്ങൾ പൊങ്കൽ ഉത്സവത്തിന്റെ നിറവിൽ. ഇന്ന് തൈപ്പൊങ്കലും, നാളെ മാട്ടുപൊങ്കലും ആഘോഷിക്കും.

**പൊങ്കൽ വിശേഷങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

RNUTVPM

*************************

പൊങ്കൽ - അവധി

പൊങ്കലിനോടനുബന്ധിച്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് അടക്കം സംസ്ഥാനത്തെ 6 ജില്ലകൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

*************************

സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണം

46-ആമത് സംസ്ഥാന സഹകരണ നിക്ഷേപ സമാഹരണത്തിന് ഇന്ന് തുടക്കം. അടുത്തമാസം 25 വരെ നടത്തുന്ന സമാഹരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം കോട്ടയം പാമ്പാടിയിൽ മന്ത്രി വി എൻ വാസവൻ വൈകിട്ട് നിർവഹിക്കും. സംസ്ഥാനത്തിന്റെ വികസനം സഹകരണ മേഖലയിലൂടെ എന്നതാണ് പ്രമേയം. 9,000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

*************************

## കലോത്സവം (ഇൻട്രോ)

സംസ്ഥാന സ്കൂൾ കലോത്സവം തൃശ്ശൂരിൽ പുരോഗമിക്കുന്നു. ഈ മാസം 18 വരെ നീളുന്ന കൗമാര കലാമേളയിൽ 25 വേദികളിലായി 15,000 ലേറെ പ്രതിഭകളാണ് മാറ്റുരയ്ക്കുന്നത്. **കലോത്സവ നഗരിയിൽ നിന്ന് തൃശൂർ ആകാശവാണി അനൗൺസർ വൈ എസ് പൗർണമി തയ്യാറാക്കിയ റിപ്പോർട്ട്..**

(ഹോൾഡ് വോയിസ്)

RNUTVPM

*************************

## സപ്ലൈകോ - ജി.ആർ അനിൽ

സപ്ലൈകോയുടെ അമ്പതാമത് വാർഷികത്തിന്റെ ഭാഗമായി പുതിയ ഔട്ട്ലെറ്റുകൾ ആരംഭിക്കാനും നിലവിലുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകളാക്കി ഉയർത്താനും നടപടികൾ ആരംഭിച്ചതായി ഭക്ഷ്യ–പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ. ഒരു മാസം 300 കോടിയിലധികം രൂപയുടെ വില്പനയും ഓണക്കാലത്ത് 384 കോടി രൂപയുടെ

നിത്യോപയോഗ സാധനങ്ങളുടെ വില്പനയും സപ്ലൈകോയിലൂടെ സാധ്യമായതായും പ്രതിമാസം 50 ലക്ഷത്തോളം കുടുംബങ്ങൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

*************************

## അമ്പലപ്പുഴ (ഇൻട്രോ)

അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പന്ത്രണ്ട്കളഭ മഹോത്സവവും ശങ്കരനാരായണ കലോത്സവം ആരംഭിച്ചു. മകരം ഒന്നു മുതൽ 12 വരെയാണ് പന്ത്രണ്ട് കളഭമഹോത്സവം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....**

(വോയിസ്)

*************************

RNU TVPM

## ശബരിമല

മകരവിളക്ക് കാലത്തിനു സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഈ മാസം 20 ന് അടയ്ക്കും. ഇത്തവണത്തെ ശബരിമല സീസൺ വിജകരമായി പൂർത്തിയാക്കാൻ സാധിച്ചതായി ദേവസ്വം മന്ത്രി വി എൻ വാസവൻ കോട്ടയത്ത് വാർത്താ ലേഖകരോട് പറഞ്ഞു. SIT അന്വേഷണം നല്ലനിലയിലാണ് നടക്കുന്നത് എന്നും മന്ത്രി വ്യക്തമാക്കി.

*************************

## സ്വർണഅപഹരണ കേസ് - അറസ്റ്റ്

ശബരിമല സ്വർണഅപഹരണ കേസിൽ ദേവസ്വം ബോർഡ് മുൻ അംഗം കെ.പി. ശങ്കരദാസിനെ എസ്ഐടി അറസ്റ്റു ചെയ്തു. തിരുവനന്തപുരത്തെ ആശുപത്രിയിൽ എത്തിയാണ് ഇന്നലെ വൈകുന്നേരം എസ്ഐടി ശങ്കരദാസിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. കേസിൽ 11-ാം പ്രതിയാണ് ഇദ്ദേഹം.

*************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് യുപി വാരിയേഴ്സിനെ നേരിടും. നവി മുംബൈയിൽ. രാത്രി 7.30 നാണ് മത്സരം.

RNU TVPM

*************************

## രാഹുൽ മാങ്കൂട്ടം

ലൈംഗികപീഡന കേസിൽ അറസ്റ്റിലായ രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ യുടെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. ഉച്ചയ്ക്ക് രണ്ടുമണിയോടെ പത്തനംതിട്ട ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ അദ്ദേഹത്തെ ഹാജരാക്കുമെന്നാണ് സൂചന. എസ്ഐടി തുടർ കസ്റ്റഡി ആവശ്യട്ടില്ലെങ്കിൽ പ്രതിയെ കോടതി റിമാൻഡ് ചെയ്ത് ജയിലിലേക്ക് അയക്കും. നാളെ തിരുവല്ല ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി രാഹുലിന്റെ ജാമ്യാപേക്ഷ പരിഗണിച്ചേക്കും.

*************************

## അക്ഷരോന്നതി

സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ ഉന്നതികളിൽ വായന സംസ്കാരം വളർത്തുന്നതിനായി ആരംഭിച്ച അക്ഷരോന്നതി പദ്ധതിയുടെ ആദ്യ ഘട്ട ജില്ലാതല പൂർത്തീകരണ പ്രഖ്യാപനം ഈ മാസം 19ന് കോഴിക്കോട് മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിക്കും. ജില്ലയിൽ പട്ടികവർഗ ഉന്നതികളിലായി സ്ഥിതി ചെയ്യുന്ന 11 സാമൂഹിക പഠനമുറികളിലും അഞ്ച് പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലുമുള്ള 16 ലൈബ്രറികളിലേക്കായി ശേഖരിച്ച 16,000 പുസ്തകങ്ങൾ ചടങ്ങിൽ മന്ത്രി കൈമാറും.

**************************

## സ്വർണ വില

സ്വർണ വില കുറഞ്ഞു. പവന് 600 രൂപ താഴ്ന്നു ഒരു ലക്ഷത്തി 5,000 രൂപയും, ഗ്രാമിന് 13,125 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

**************************

## ടോൾ ബൂത്ത് - പ്രതിഷേധം

കാസർകോട് കുമ്പള ആരിക്കാടി ടോൾ ബൂത്തിൽ നടന്ന പ്രതിഷേധം സംഘർഷത്തിലേക്ക് വഴിമാറി. പ്രതിഷേധക്കാർ ക്യാമറകളും ഗേറ്റും ചില്ലുകളും തകർക്കുകയും ആറു സിസിടിവി ക്യാമറകൾ പൂർണ്ണമായി നശിപ്പിക്കുകയും ചെയ്തു. എ കെ എം അഷറഫ് എംഎൽഎയുടെ നേതൃത്വത്തിൽ നടക്കുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിന് ഐക്യദാർഢ്യമായി വിവിധ

സംഘടനകൾ എത്തിയതോടെയാണ് സംഘർഷം രൂക്ഷമായത്.

*

**********

****************************************

RNU TVPM